പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1841

10/03/2020 ൽ മറുപടി നല്ലേണ്ടത്.

# റാന്നി താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിടം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.രാജു എബ്രഹാം** | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി) |
| (എ) റാന്നി താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കന്നതിനായി നൽകിയ പ്രൊപ്പോസലിന്മേലുള്ള നടപടികൾ എന്തായെന്നും നടപടികൾ പൂർത്തിയാക്കി എന്നത്തേക്ക് നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്നുമുള്ള വിവരങ്ങൾ വിശദീകരിക്കാമോ; | (എ) റാന്നി താലൂക്കാശുപത്രിയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 2019-20 ബജറ്റിൽ ഉൾപ്പെടുത്തി 2 കോടി രൂപ അനുവദിക്കണമെന്ന ശ്രീ.രാജു എബ്രഹാം എം.എൽ.എ യുടെ നിവേദനം ലഭ്യമായിരുന്നു. ടി വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാ മെഡിക്കൽ ആഫീസറോട് കെട്ടിട നിർമ്മാണത്തിന്റെ ആവശ്യകതയും, കെട്ടിടത്തിൽ ഏർപ്പെടുത്തേണ്ട സൗകര്യങ്ങളും സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഏതുഘട്ടം വരെയായി;എത്ര സെന്റ് സ്ഥലമാണ് ഏറ്റെടുക്കുക;<br>(സി) സ്ഥലം ഏറ്റെടുക്കൽ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും എന്ന് അറിയിക്കുമോ? | (ബി) & (സി) റാന്നി താലൂക്കാശുപത്രിയുടെ വികസനത്തിനായി റാന്നി താലൂക്കിലെ റാന്നി വില്ലേജിൽ സർവ്വെ നമ്പർ 6/5 ലുള്ള 30 സെന്റ് സ്ഥലവും 64/5 സർവ്വെ നമ്പരിലെ 21.5 സെന്റ് സ്ഥലവും ഏറ്റെടുക്കണമെന്നും ടി ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ ഫണ്ട് റാന്നി ബ്ലോക്ക് പഞ്ചായത്തിലോ, ആശുപത്രിയിലോ ഇല്ല എന്നും ജില്ലാ മെഡിക്കൽ ആഫീസർ അറിയിച്ചതിനെ തുടർന്ന് അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ